REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്തെ എല്ലാ ജില്ലകളിലേക്കും ഊർജ്ജിത ക്ഷയരോഗ നിർമ്മാർജ്ജന പ്രചാരണം വ്യാപിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി JP നദ്ദ.**
- **പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം ഇന്ന് സമാപിക്കും.**
- **ആശാവർക്കർമാരടക്കം സ്കീം തൊഴിലാളികൾക്ക് പൂർണ തൊഴിലാളി പദവി നൽകണമെന്ന് കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടു.**
- **യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവയായി, മലങ്കര മെത്രാപ്പൊലീത്ത ജോസഫ് മാർ ഗ്രിഗോറിയോസിനെ ഇന്ന് വാഴിക്കും.**
- **ഇരുപതാമത് തുരീയം സംഗീതോത്സവത്തിന് വൈകിട്ട് കണ്ണൂർ പയ്യന്നൂരിൽ തിരിതെളിയും.**

## വാർത്തകൾ വിശദമായി

രാജ്യത്തെ എല്ലാ ജില്ലകളിലേക്കും ഊർജ്ജിത ക്ഷയരോഗ നിർമ്മാർജ്ജന പ്രചാരണം വ്യാപിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി JP നദ്ദ അറിയിച്ചു. നേരത്തെ വിവിധ സംസ്ഥാനങ്ങളിലെ 455 തിരഞ്ഞെടുത്ത ജില്ലകളിലായിരുന്നു പരിപാടി.

ന്യൂസ് ഡെസ്‌ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...(വോയ്സ്)...

ന്യൂഡൽഹിയിൽ ഇന്നലെ ലോക ക്ഷയരോഗദിന ഉച്ചകോടിയിലാണ് JP നദ്ദ പ്രചാരണം വ്യാപിപ്പിക്കാനെടുത്ത തീരുമാനമറിയിച്ചത്. TB മുക്ത് ഭാരത് അഭിയാനിൽ കഴിഞ്ഞ നൂറു ദിവസങ്ങളിൽ 13 കോടിയോളം ആളുകളെ ക്ഷയരോഗ പരിശോധനയക്ക് വിധേയരാക്കിയെന്നും കേന്ദ്രമന്ത്രി പറഞ്ഞു. രാജ്യത്തെ 85 ശതമാനം ക്ഷയരോഗികളെയും ചികിത്സാ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞതായി നദ്ദ വ്യക്തമാക്കി. ഈ വർഷം അവസാനത്തോടെ രാജ്യത്തു നിന്ന് TB പൂർണമായി നിർമ്മാർജ്ജനം ചെയ്യാൻ സമഗ്രമായ നടപടികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും നദ്ദ പറഞ്ഞു.

✪✪✪

ലോക്സഭയിൽ ധനകാര്യ ബിൽ ചർച്ച ഇന്നലെ ആരംഭിച്ചു. രാജ്യത്തെ ചരക്കുസേവന നികുതി സമ്പ്രദായം വളരെ സങ്കീർണ്ണമാണെന്ന് ചർച്ചയ്ക്ക് തുടക്കമിട്ട കോൺഗ്രസിലെ ഡോ. ശശി തരൂർ പറഞ്ഞു. ചെറിയ മധുരപലഹാരക്കടകൾ 18 ശതമാനം GST നൽകുന്നുണ്ടെങ്കിലും HSN കോഡ് ഇല്ലാത്തതിനാൽ അവർക്ക് ഇൻപുട്ട് ക്രെഡിറ്റ് ലഭിക്കുന്നില്ല. ഗവണ്മെന്റിലേക്ക് നികുതി അടയ്ക്കുന്ന സാധാരണക്കാർക്ക് ആശ്വാസം ലഭിക്കണമെന്നും തരൂർ ആവശ്യപ്പെട്ടു. NK പ്രേമചന്ദ്രൻ MP ഉൾപ്പെടെ നിരവധി പേർ ഇന്നലെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ധനകാര്യ ബില്ലിൽ ചർച്ച ഇന്നും തുടരും.

രാജ്യത്ത് 26 കോടി ആളുകൾക്ക് MSME മന്ത്രാലയം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും, ആറ് കോടിയിലധികം പേർ ജോലിയിൽ എൻറോൾ ചെയ്തതായും മന്ത്രി ജിതൻ റാം മാഞ്ചി പ്രതിപക്ഷ ആരോപണങ്ങൾക്ക് മറുപടി നൽകി.

✪✪✪

ധനകാര്യ സെക്രട്ടറിയായി അജയ് സേഥിനെ നിയമിക്കാൻ കേന്ദ്രമന്ത്രിസഭയുടെ നിയമനസമിതി അംഗീകാരം നൽകി. 1987 ബാച്ച് IAS ഉദ്യോഗസ്ഥനാണ് അദ്ദേഹം. ധനവകുപ്പിലെ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയായി പ്രവർത്തിച്ചുവരികയാണ് അജയ് സേഥ്.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം ഇന്ന് സമാപിക്കും. സ്വകാര്യ സർവ്വകലാശാലാ ബിൽ ഇന്ന് നിയമസഭ പാസ്സാക്കും. പ്രതിപക്ഷ വിമർശനം പരിഗണിച്ച് ചില ഭേദഗതികൾ വരുത്തിയാണ് ബിൽ പാസാക്കുന്നത്. സ്വകാര്യ സർവ്വകലാശാലകൾക്ക് ഒന്നിലേറെ കാമ്പസുകൾ തുടങ്ങാമെന്ന വ്യവസ്ഥ ഭേദഗതിയിൽ ഒഴിവാക്കി.

സബ്ജക്ട് കമ്മിറ്റി പരിഗണിച്ചശേഷം നിയമസഭയിൽ അവതരിപ്പിച്ച ബിൽ സമയപരിമിതി മൂലമാണ് ഇന്നലെ പാസാക്കാൻ കഴിയാതെ വന്നത്. ധനകാര്യ ബില്ലും ഇന്ന് നിയമസഭ പാസാക്കും.

✪✪✪

ആശാവർക്കർമാരടക്കം സ്കീം തൊഴിലാളികൾക്ക് തൊഴിൽ നിയമപ്രകാരം പൂർണ തൊഴിലാളി പദവി നൽകണമെന്നാവശ്യപ്പെട്ട് മന്ത്രി V ശിവൻകുട്ടി, കേന്ദ്ര തൊഴിൽമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യയ്ക്ക് കത്തയച്ചു. അങ്കണവാടി-ആശാ തൊഴിലാളികൾ, ഉച്ചഭക്ഷണ തൊഴിലാളികൾ എന്നിവരടക്കം സ്കീം തൊഴിലാളികൾക്ക് ഇതിന് അർഹതയുണ്ടെന്ന് മന്ത്രി കത്തിൽ വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് ആശാ വർക്കർമാരുടെ അനിശ്ചിതകാല നിരാഹാര സമരം ആറാം ദിവസത്തിലേക്ക് കടന്നു. നിരാഹാരമിരിക്കുന്ന മൂന്ന് ആശാ പ്രവർത്തകർക്ക് പിന്തുണയുമായി ആശ വർക്കർമാർ സെക്രട്ടേറിയറ്റിന് മുന്നിൽ കൂട്ട ഉപവാസം ആരംഭിച്ചു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കഴിഞ്ഞ 44 ദിവസമായി ആശ പ്രവർത്തകർ സമരത്തിലാണ്.

സെക്രട്ടറിയേറ്റിനു മുന്നിൽ അങ്കണവാടി ജീവനക്കാർ നടത്തുന്ന സമരവും ഒമ്പതാം ദിവസത്തിലേക്ക് കടന്നു.

✪✪✪

ആശാപ്രവർത്തകരുടെയും അങ്കണവാടി ജീവനക്കാരുടെയും സമരത്തെ പിന്തുണച്ച് കോൺഗ്രസ് നാളെ തദ്ദേശ സ്ഥാപനങ്ങൾക്ക് മുന്നിൽ ധർണ്ണ നടത്തും. തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിന് മുന്നിൽ പ്രതിപക്ഷ നേതാവ് VD സതീശൻ ധർണ ഉദ്ഘാടനം ചെയ്യും.

✪✪✪

യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവയായി മലങ്കര മെത്രാപ്പൊലീത്ത ജോസഫ് മാർ ഗ്രിഗോറിയോസിനെ ഇന്ന് വാഴിക്കും. ബസേലിയോസ് ജോസഫ് എന്ന പേരിലാണ് അദ്ദേഹം അഭിഷിക്തനാകുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ഇന്ത്യൻ സമയം രാത്രി എട്ടരയ്ക്ക് സിറിയൻ ഓർത്തഡോക്സ് സഭാ കേന്ദ്രമായ ലെബനനിലെ ബെയ്റൂട്ടിൽ അച്ചാനെ സെന്റ് മേരീസ് കത്തീഡ്രലിലാണ് അഭിഷേക ചടങ്ങുകൾ. പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ

പാത്രിയർക്കീസ് ബാവയാണ് സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത്. മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ്, കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ, മാർത്തോമാ സഭാ മെത്രാപ്പൊലീത്ത ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ തുടങ്ങിയവരും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ പ്രതിനിധി സംഘവും ചടങ്ങിൽ പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതിമാസ മൻ കി ബാത് പരിപാടിയിലേക്ക് ജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചു. നമോ ആപ്പിലും, My Gov ഓപ്പൺ ഫോറത്തിലും ടോൾഫ്രീ നമ്പറിലും ഈ മാസം 28 വരെ നിർദ്ദേശങ്ങൾ അയക്കാവുന്നതാണ്.

ഈ മാസം 30 നാണ് മൻ കി ബാതിന്റെ 120 -ാം എപ്പിസോഡ്.

✪✪✪

പത്താം ക്ലാസ് പാഠപുസ്തകങ്ങളുടെ പ്രകാശനവും വിതരണവും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് നിയമസഭാ ചേമ്പറിലാണ് ചടങ്ങ്.

പത്താം ക്ലാസിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ ഒമ്പതാം ക്ലാസ് പരീക്ഷ കഴിയുന്നതിന് മുമ്പ് തന്നെ വിതരണം ചെയ്യുന്നത് ഇതാദ്യമാണ്. മറ്റ് ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ വിതരണം അടുത്ത മാസം രണ്ടാംവാരത്തിൽ ആരംഭിക്കും.

✪✪✪

SSLC, ഹയർസെക്കണ്ടറി പരീക്ഷകൾ അവസാനിക്കുന്ന നാളെ സ്കൂളുകളിൽ സംഘർഷം ഉണ്ടാകുന്ന തരത്തിൽ ആഘോഷപരിപാടികൾ നടത്താൻ പാടില്ലെന്ന് മന്ത്രി V ശിവൻകുട്ടി നിർദ്ദേശം നൽകി. ആവശ്യമെങ്കിൽ സ്കൂളുകളിൽ പൊലീസ് സാന്നിധ്യം ഉറപ്പുവരുത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു. സ്കൂൾ വളപ്പുകളിൽ വാഹനങ്ങളിലെ പ്രകടനവും അനുവദിക്കരുതെന്നും ഇക്കാര്യത്തിൽ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണമെന്നും മന്ത്രി നിർദ്ദേശം നൽകി.

പ്രശ്നസാധ്യത കണക്കാക്കുന്ന സ്കൂളുകളുടെ പട്ടിക പൊലീസ് തയ്യാറാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ പ്രത്യേക പൊലീസ് ജാഗ്രത ഉണ്ടായിരിക്കും.

✪✪✪

ഇരുപതാമത് തുരീയം സംഗീതോത്സവത്തിന് ഇന്ന് കണ്ണൂർ പയ്യന്നൂരിൽ തിരിതെളിയും. ഇത്തവണ തുടർച്ചയായി 111 ദിവസമാണ് സംഗീതോത്സവം.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട് .

....(വോയ്സ്)..............

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിന് ജയം. വിശാഖപട്ടണത്ത് ലഖ്നൗ സൂപ്പർ ജയന്റ്സിനെയാണ് ഡൽഹി ഒരു വിക്കറ്റിന് പരാജയപ്പെടുത്തിയത്.

ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, പഞ്ചാബ് കിംഗ്സിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

AFC ഏഷ്യൻ കപ്പ് 2027 യോഗ്യതാ മത്സരത്തിലെ നിർണായകമായ മൂന്നാം റൗണ്ട് മത്സരത്തിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. മേഘാലയയിലെ ഷില്ലോങ്ങിൽ വൈകീട്ട് ഏഴിനാണ് മത്സരം.

✪✪✪

സപ്ലൈകോയുടെ റംസാൻ ഫെയറുകൾക്ക് ഇന്ന് തുടക്കമാകും. തിരുവനന്തപുരം ഫോർട്ട് പീപ്പിൾസ് ബസാറിൽ മന്ത്രി G.R. അനിൽ സംസ്ഥാനതല ഉദ്ഘാടനം നടത്തും. ഈ മാസം 31 വരെയാണ് ഫെയറുകൾ. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രത്യേക ഫെയറുകളും സംഘടിപ്പിക്കും.

✪✪✪

രണ്ടാമത് ഭരത് മുരളി നാടകോത്സവത്തിന് ലോകനാടക ദിനമായ മറ്റന്നാൾ തിരുവനന്തപുരത്ത് തിരശ്ശീല ഉയരും. കേരള സർവ്വകലാശാലയാണ് നാടകോത്സവം സംഘടിപ്പിക്കുന്നത്. വ്യാഴാഴ്ച വൈകിട്ട് മന്ത്രി KN ബാലഗോപാൽ അഞ്ച് ദിവസത്തെ നാടകോത്സവം ഉദ്ഘാടനം ചെയ്യും. മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല മുഖ്യപ്രഭാഷണം നടത്തും. ചടങ്ങിൽ ആദ്യകാല നാടക പ്രതിഭകളെ ആദരിക്കും.

✪✪✪

പാലക്കാട് വാളയാറിൽ MDMA യുമായി അമ്മയും മകനും ഉൾപ്പെട്ട നാലംഗ സംഘം എക്സൈസ് പിടിയിലായി. ഇവരിൽ നിന്ന് 12 ഗ്രാം MDMA  പിടികൂടി. കൊടുങ്ങല്ലൂർ സ്വദേശി അശ്വതി, മകൻ ഷോൺ സണ്ണി, കോഴിക്കോട് എലത്തൂർ സ്വദേശികളായ മൃദുൽ, അശ്വിൻലാൽ എന്നിവരാണ് പിടിയിലായത്.

വാളയാർ  പൊലീസും,  ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും,  വാളയാർ ബോർഡർ ചെക്കിംഗ് ടീമും  നടത്തിയ സംയുക്ത  പരിശോധനയിൽ, കാറിൽ കടത്തുകയായിരുന്ന ഒരു കോടിയിൽപ്പരം  രൂപ കണ്ടെടുത്തു.  തൃശൂർ സ്വദേശികളായ അർജുൻ,  പ്രസിൽ എന്നിവരെ കസ്റ്റഡിയിലെടുത്തു.

✪✪✪

കോഴിക്കോട് രാമനാട്ടുകരയ്ക്കു സമീപം ലോഡ്ജിൽ നിന്ന് വിൽപ്പനയ്ക്കു സൂക്ഷിച്ച ഏഴു കിലോയോളം കഞ്ചാവ് എക്സൈസ് പിടികൂടി. ഒഡീഷ സ്വദേശികളായ ബസുദേവ് മഹാപത്ര, ദീപ്തി രഞ്ജൻമാലിക് എന്നിവരാണ് പിടിയിലായത്.  ഇവർക്കെതിരെ NDPS കേസെടുത്തു.

✪✪✪

തൊടുപുഴ നഗരസഭാ ബജറ്റ് ഇന്ന് അവതരിപ്പിക്കും.  രാവിലെ 11ന് നഗരസഭാ ചെയർമാന്റെ ചുമതല വഹിക്കുന്ന വഹിക്കുന്ന ധനകാര്യ സ്ഥിരം സമിതി അധ്യക്ഷ ജെസി ആന്റണിയാണ് ബജറ്റ് അവതരിപ്പിക്കുന്നത്.  ഇപ്പോഴത്തെ കൗൺസിലിന്റെ  അവസാന ബജറ്റാണിത്.

✪✪✪

കൊടുങ്ങല്ലൂർ ഭരണിയുമായി ബന്ധപ്പെട്ട കോഴിക്കല്ല് മൂടൽ ചടങ്ങ് രാവിലെ നടത്തും.  പാരമ്പര്യ അവകാശികളായ തച്ചോളി തറവാട്ടുകാരും, കൊടുങ്ങല്ലൂർ ഭഗവതി വീട്ടുകാരും ചേർന്നാണ് കോഴിക്കല്ല് മൂടൽ ചടങ്ങ് നടത്തുന്നത്.

✪✪✪

കോഴിക്കോട് വളയത്ത് ആൾതാമസമില്ലാത്ത  പറമ്പിൽ നാല്  സ്റ്റീൽ ബോംബുകൾ കണ്ടെത്തി. വളയം പൊലീസ്  ബോംബുകൾ നിർവീര്യമാക്കി. സംഭവത്തിൽ കേസെടുത്ത് അന്വേഷണം തുടങ്ങി.

✪✪✪

---

*News Reader:  അനിൽ ചന്ദ്രൻ*
*News Team: സിയാബ് ടി പി, ഫസ്ന ഫാത്തിമ*
*DEO: ഷീബ*